This Question Paper consists of 11 printed pages

ഈ ചോദ്യപേപ്പറിൽ 11 അച്ചടിച്ച പുറങ്ങളുണ്ട്

Roll No.
റോൾ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No.
കോഡ് നമ്പർ

# മാതൃകാ ചോദ്യപേപ്പർ
# സെക്കന്ററി തലം
# മലയാളം ( 232)

Day and Date of Examination : ………………………………………..……....
( പരീക്ഷാദിവസവും തീയതിയും )

Signature of Invigilators 1. ……………..………………………………
(മേൽനോട്ടക്കാരന്റെ ഒപ്പ് ) 2. ……………..………………………………

**പൊതു നിർദ്ദേശങ്ങൾ**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യപേജിൽ എഴുതേണ്ടതാണ്
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്
3. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
4. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ എഴുതേണ്ടതാണ്.
5. തന്നിരിക്കുന്ന ഉത്തരപുസ്തകത്തിൽത്തന്നെ എല്ലാ ഉത്തരങ്ങളും എഴുതേണ്ടതാണ്.
6. ചോദ്യപേപ്പറിൽ ഉള്ള നമ്പർ തന്നെ ഉത്തരമെഴുതുമ്പോഴും നൽകേണ്ടതാണ് ( ഉദാ: 1.2, 5.1, 7.3 .........)

MALAYALAM

# മലയാളം

(232)

സമയം : 3 മണിക്കൂർ　　　　　　　　　　　　മാർക്ക് : 100

---

1 *ഏതെങ്കിലും 20 ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്കുവീതം* *( 20 x 1= 20 )*

1.1 താഴെ കൊടുത്തിരിക്കുന്നവരിൽ കോലത്തുനാട്ടു രാജാവിന്റെ സദസ്യനായിരുന്ന കവി

A. എഴുത്തച്ഛൻ　　B. വള്ളത്തോൾ

C. ചെറുശ്ശേരി　　D. കുഞ്ചൻനമ്പ്യാർ

1.2 'വ്യാളിമുഖം വച്ചത്' - എന്ന് എന്തിനെയാണ് കുമാരനാശാൻ വിശേഷിപ്പിച്ചത്?

A. ഗോപുരത്തെ　　B. മാളിക വാതിലിനെ

C. പടിപ്പുരയെ　　D. നാലുകെട്ടിനെ

1.3. നമ്മെക്കാൾ കുറച്ചധികം വിനയം ആരോട് കാണിക്കണമെന്നാണ് കെ.പി. കേശവമേനോൻ അഭിപ്രായപ്പെടുന്നത്?

A. മാതാപിതാക്കളോട്　　B. അയൽക്കാരോട്

C. നമ്മെക്കാൾ താണ സ്ഥിതിയിലുള്ളവരോട്　　D. സഹോദരങ്ങളോട്

1.4. 'നമ്മൾ നന്നാകുവാനെന്തു നല്ലു
നല്ലോരു ചൂല് മനസ്സിൽ നല്ലു' - നല്ല ചൂല് എന്തിന് ?

A. സംഘശക്തി ബോധ്യപ്പെടാൻ

B. മനസ്സിൽ മാലിന്യങ്ങൾ വന്നു കൂടുമ്പോൾ തൂത്തു വൃത്തിയാക്കാൻ

C. തെറ്റ് ചെയ്യുമ്പോൾ ശിക്ഷിക്കാൻ

D. താൻ നിസ്സാരനാണെന്ന് ബോധം ഉറപ്പിക്കാൻ

1.5. ശ്രീരാമന്റെ മുമ്പിൽ ചെന്ന സീതയിൽ പ്രകടമായ ഭാവം

A. ആദരം B. ആനന്ദം

C. വിനയം D. ലജ്ജ

1.6. ''അമ്മതാൻതന്നെ പകർന്നു തരുമ്പോഴേ

നമ്മൾക്കമൃതുമമൃതായ് തോന്നൂ'' - അമൃതായിട്ട് എന്നതുകൊണ്ട് കവി സൂചിപ്പിക്കുന്നത് മാതൃഭാഷയുടെ ഏതു സവിശേഷതയാണ് ?

A. പ്രചാരം B. പൂർണ്ണത

C. വിഷയവ്യാപ്തി D. ബോധനശേഷി

1.7. താഴെ കൊടുത്തിരിക്കുന്നവയിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥ ഏത് ?

A. കണ്ണീരും കിനാവും B. വെടിവട്ടം

C. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് C. എന്റെ മണ്ണ്

1.8. നാലു ഗ്രാമങ്ങൾ കൂടിച്ചേരുന്ന ദേശം ബാലിയിൽ അറിയപ്പെടുന്നത് ഏതു പേരിലാണ്?

A. ബാൻടുയുങ്ങ് B. സാംബാൻ

C. സാംബനാനി D. ഉബുദ്

1.9. സ്ത്രീ സ്വയം ഏറ്റവും വലിയ ത്യാഗമൂർത്തിയായി പ്രത്യക്ഷപ്പെടുന്നത് താഴെപ്പറയുന്ന ഏത് അവസ്ഥയിലാണ് ?

A. പലർക്കുള്ള കഞ്ഞിക്കുവേണ്ടി മടച്ചുവീഴുന്നു

B. വാഴ്വിന്റെ അറ്റം വരെ ചുമടേറ്റുന്നു

C. സ്വപ്നങ്ങളെ ബലിദർഭകളാക്കി അശ്രുനീരോടെ വീഴ്ത്തുന്നു.

D. പാപികളാൽ കല്ലെറിയപ്പെടുന്നു

1.10. താഴെപ്പറയുന്നവ കവിയുടെ എഴുത്തുമായി ബന്ധപ്പെട്ടവയാണ് അതിൽ എഴുത്തിന്റെ വിഷയം എന്ത്?

A. മധു ചന്ദ്രിക B. മഴവിൽകൊടിയുടെ മുന

C. കൽപ്പന D. അഴക്

1.11. താഴെ പറയുന്നവയിൽ കുട്ടികളുടെ സവിശേഷത എന്ത് ?

A. കുറുമ്പ് B. കുസൃതി

C. നിഷ്കളങ്കത D. വാശി

1.12. കൂടിയാട്ടത്തിൽ ഉപയോഗിക്കുന്ന പ്രധാന വാദ്യോപകരണമേത്?

A. ചെണ്ട B. മിഴാവ് C. ഇടയ്ക്ക D. കുഴൽ

1.13. നെയ് പായസം എന്ന കഥയുടെ രചയിതാവ് ആര് ?

A. സഞ്ജയൻ B. എം.ടി. വാസുദേവൻ നായർ

C. മാധവിക്കുട്ടി D. ബന്യാമിൻ

1.14. ''സകലമതസാരവുമേക'മെന്ന് അരുളിച്ചെയ്ത സാമൂഹ്യപരിഷ്കർത്താവ് ആരാണ്?

A. അംബേദ്കർ B. ചട്ടമ്പിസ്വാമികൾ .

C.അയ്യങ്കാളി D. ശ്രീനാരായണഗുരു

1.15. താൻ അധികാരത്തിന്റെ അഹംഭാവം പ്രകടിപ്പിച്ചിരുന്ന സന്ദർഭം - എന്ന് വി.ടി. ഭട്ടതിരിപ്പാട് വിശേഷിപ്പിക്കുന്ന അവസരം ഏത് ?

A. അമ്മയോടൊപ്പം അമ്പലത്തിൽ പോകുമ്പോൾ

B. അമ്പലത്തിൽ മണിയടിക്കാൻ അവസരം കിട്ടുമ്പോൾ

C. കൂട്ടുകാരോടൊപ്പം കളിക്കുമ്പോൾ

D. കുറിഞ്ഞിപ്പൂച്ചയെ കുളിപ്പിക്കുമ്പോൾ

1.16. രണ്ടായിരം കൊല്ലം മുമ്പ് പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയിരുന്ന പ്രസിദ്ധമായ വിദ്യാകേന്ദ്രം ഏത് ?

A. വാരണാസി B. തക്ഷശില

C. ഡൽഹി D. കൊച്ചി

1.17. 'മൈഥിലി മയിൽപേട പോലെ സന്തോഷിച്ചത്'' എപ്പോൾ ?

A. ശ്രീരാമനെ കണ്ടപ്പോൾ

B. ഇടിവെട്ടിയത് പോലെയുള്ള ഒച്ച കേട്ടപ്പോൾ

C. വില്ല് മുറിഞ്ഞ ഒച്ച കേട്ടപ്പോൾ

D. മയിലുകളെ കണ്ടപ്പോൾ

1.18. താഴെ കൊടുത്തിരിക്കുന്നവയിൽ കുമാരനാശാന്റെ ഖണ്ഡകാവ്യം ഏത് ?

A. കരുണ B. വാസവദത്ത

C. പിംഗള D. മഗ്ദലനമറിയം

1.19. മാതൃഭാഷയെ പെറ്റമ്മയായി കൽപ്പിക്കുന്ന കവി മറ്റു ഭാഷകൾക്ക് കൊടുത്തിട്ടുള്ള സ്ഥാനം എന്ത് ?

A. ഇളയമ്മ B. ധാത്രി C. മുത്തശ്ശി D. സഹോദരി

1.20. താഴെപറയുന്നവയിൽ ഏതിനെയാണ് പ്രഭാതവുമായി ബന്ധപ്പെട്ടുത്തിയിട്ടുള്ളത്

A. നിർവൃതി B. പൊൻകതിർ C. മഞ്ജിമ D. ലളിത

1.21. പരബ്രഹ്മയ്യരുടെ സങ്കടം കണ്ട് നാട്ടുകാരൊക്കെ ചിരിച്ചു.- കാരണം ?

A. അത് അവർക്കൊരു തമാശയായി തോന്നി
B. വീണാൽ ചിരിക്കാത്തവരില്ല എന്നൊരു ചൊല്ലുണ്ട്
C. അയാൾ മജിസ്ട്രേറ്റിന്റെ ആളായിരുന്നു
D. അയാൾ ആർക്കും ഒരു പൈ പോലും സഹായമായി കൊടുക്കാറില്ല

1.22. തുള്ളൽകൃതികളിൽ സാധാരണയായി ഉപയോഗിക്കുന്ന ഭാഷ ഏത്?

A. സംസ്കൃതം
B. പച്ച മലയാളം
C. പാട്ട്
D. മണിപ്രവാളം

1.23. വളർത്തു മൃഗങ്ങൾ എന്ന കഥയിൽ പരിക്കേറ്റ കൈത്തണ്ടയിലെ വേദന ഇരട്ടിച്ചതായി ജാനമ്മയ്ക്ക് തോന്നിയ അവസരം ഏത്?

A. മാനേജർ കുറ്റപ്പെടുത്തിയപ്പോൾ
B. തലേന്നു രാത്രിയിലെ വീഴ്ചയെക്കുറിച്ച് ഓർത്തപ്പോൾ
C. ഡോക്ടർ ശകാരിച്ചപ്പോൾ
D. കൂട്ടുകാരികൾ കളിയാക്കിയപ്പോൾ

1.24. ''ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' - എന്ന പ്രഖ്യാപനത്തിലൂടെ വെളിപ്പെടുന്ന സന്ദേശമെന്ത്?

A. ശാശ്വതമായ മനുഷ്യത്വം
B. ബഹുദൈവ വിശ്വാസം ശരിയാണെന്ന ചിന്ത
C. മതാന്ധത ഉപേക്ഷിക്കണം
D. നിരീശ്വരവാദം ശരിയല്ല.

1.25. കൂത്ത് എന്ന കലാരൂപം നടത്തുന്ന വേദിയുടെ പേരെന്ത്?

A. കൂത്തമ്പലം
B. തിരുവരങ്ങ്
C. സോപാനം
D. കേളീരംഗം

1.26. കുടുംബജീവിതം ദുസ്സഹമാകുന്ന ഘട്ടമായി കെ.പി. കേശവമേനോൻ ചൂണ്ടിക്കാണിക്കുന്ന അവസരം ഏത്?

A. മക്കൾ മാതാപിതാക്കളോട് കലഹിക്കുന്ന അവസരം
B. ദമ്പതിമാർ പരസ്പരം വിട്ടുവീഴ്ചയ്ക്ക് തയ്യാറാവാതിരിക്കുമ്പോൾ
C. സാമ്പത്തിക പ്രയാസം നേരിടുമ്പോൾ
D. അയൽക്കാരുമായി കലഹിക്കുന്ന അവസരം

1.27. കേരളത്തിലെ തൊടികളിലും ബാലിയിലെ തൊടികളിലും പൊതുവായി കാണാൻ കഴിയുന്ന കാഴ്ച എന്ത്?

A. ചെറിയ കുടിലുകൾ

B. തെങ്ങും കവുങ്ങും മാവും പ്ലാവും നിറഞ്ഞ പറമ്പുകൾ

C മാങ്കോസ്റ്റീൻ മരങ്ങൾ

D. തട്ടുതട്ടായ കൃഷിസ്ഥലങ്ങൾ

1.28. "ചെണ്ട പിണയ്ക്കാൻ തന്നെ നമ്മെ -

ക്കൊണ്ടിഹ പോന്നു ഭവാനിവിടേയ്ക്ക്" - രാവണൻ ഇപ്രകാരം ചോദിച്ചതാരോടാണ്?

A. ബാലിയോട് B. ദേവേന്ദ്രനോട്

C. നാരദനോട് D. സുഗ്രീവനോട്

1.29. മധ്യേഷ്യയിലെ പഴയ നിവാസികൾ ഏതു മതക്കാരായിരുന്നു ?

A. ബുദ്ധമതക്കാർ B. ഇസ്ലാം മതക്കാർ

C. പഠാണികൾ D. തുർക്കികൾ

1.30. പെണ്ണ് പൊന്നിന്റെ മറ്റൊരു രൂപമാണ് എന്നതുകൊണ്ട് കവി ഉദ്ദേശിച്ചിരിക്കാൻ വഴിയില്ലാത്ത അർത്ഥം എന്ത്?

A. രണ്ടും അപകടകാരികളാണ്

B. രണ്ടും വിലപ്പെട്ടതാണ്

C. രണ്ടും കിട്ടാൻ വിഷമമുള്ളതാണ്

D. രണ്ടും കാണാൻ ഭംഗിയുള്ളതാണ്

**2** ***ഏതെങ്കിലും 5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക ഓരോ മാർക്കുവീതം***

*( 5 x 1= 5 )*

2.1. കച്ചട്ടിസ്വാമിയാരുടെ കഥ എഴുതിയതാര് ?

2.2. കൃഷ്ണനാട്ടത്തെ അനുകരിച്ച് കൊട്ടാരക്കരത്തമ്പുരാൻ ഏർപ്പെടുത്തിയ കലാരൂപമേത് ?

2.3. മനസ്സിന് അതിയായ സന്തോഷം ഉണ്ടാകുമ്പോഴും താങ്ങുവാൻ വയ്യാത്ത വ്യസനം നേരിടുമ്പോഴും നാം എത്തിച്ചേരാൻ ആഗ്രഹിക്കുന്ന സ്ഥലമേത് ?

2.4. കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞി പോലെ ഇരുന്ന മഞ്ജുളാംഗി ആര് ?

2.5. 'പല മതസാരവുമേക'മെന്ന് തുടങ്ങുന്ന വരികൾ ശ്രീനാരായണ ഗുരുവിന്റെ ഏത് കവിതയിലേതാണ് ?

2.6. പ്രൗഢനാം നാരദന്റെ ചാട്ടുമൊഴികൾ കേട്ട് മൂഢമതിയായത് ആരാണ് ?

2.7. ജാനമ്മ സർക്കസ് കമ്പനിയിൽ പ്രവേശിച്ച കാലത്ത് പ്രധാന കളിക്കാരി ആരായിരുന്നു ?

**3** *വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക (ഏതെങ്കിലും 5 എണ്ണം) ഓരോ മാർക്കുവീതം* *( 5 x 1= 5 )*

3.1. പെണ്ണുകാണാൻ പോകുമ്പോൾ കണ്ണു മാത്രം പോരാ ............... കൈയ്യിൽ കൊണ്ടുപോണം

(കാശ്, കണ്ണാടി , ആഭരണം, മധുര പലഹാരം)

3.2. കണ്ണാ കണ്ണാ എന്ന് തിണ്ണം വിളിച്ചുടൻ
...............കൊണ്ട് കുളിച്ചു ചെമ്മേ,

(പാൽ, വെണ്ണ, വെള്ളം, കണ്ണുനീർ)

3.3. ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ

........... വലിച്ചുടൻ മുറിച്ചു ജിതശ്രമം

(കുലച്ചു, തൊടുത്തു, എയ്തു, പിടിച്ചു)

3.4. കാണികളെ ചിരിപ്പിക്കാൻ .................. കുള്ളൻ രാമു നൂറുവട്ടം അവിടെത്തന്നെ വീഴാറില്ലേ

(കോമാളി, ക്ലൗൺ, നായകൻ, ലീഡർ)

3.5. ......... കഥകൾ കുട്ടികൾ കേട്ടാൽ മതി.

(സഞ്ജയന്റെ, കച്ചട്ടി സ്വാമിയാരുടെ, പരബ്രഹ്മയ്യരുടെ, മജിസ്ട്രേട്ടിന്റെ)

3.6. നമ്മുടെ നാട്ടിൽ കാണുന്നപോലെ തന്നെ ബാലിയിലെ ക്ഷേത്രങ്ങൾക്കരികിലും ............ ഉണ്ടായിരിക്കും

(കൊടിമരം, ആൽമരം, ഭണ്ഡാരം, ഗോപുരം)

3.7. വാസ്തവത്തിൽ .......... പോലെ മനോഹരമായ ഒരു ബാല്യമല്ല ഞാൻ അനുഭവിച്ചത്.

(സൗഹൃദം, അനുകമ്പ, കാല്യം, സാഹോദര്യം)

3.8. പഠാണിയും ............ അങ്ങേയറ്റത്തും ഇങ്ങേയറ്റത്തുമുള്ള രണ്ടുദാഹരണങ്ങളാണ്.

(തമിഴനും, മലയാളിയും, തെലുങ്കനും, ബംഗാളിയും)

**4** *താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക ഒരു മാർക്കുവീതം* *( 5 x 1= 5 )*

4.1 നെയ് പായസം എന്ന കഥയിലെ കഥാപാത്രത്തിന് അച്ഛൻ എന്നാണ് പേരു നൽകിയിട്ടുള്ളത്

4.2 ജാനമ്മ സർക്കസിലെ ട്രപ്പീസ് കളിക്കാരിയാണ്.

4.3. കണ്ണന്റെ അടുക്കൽ കോലക്കുഴൽ പഠിച്ചവർ കേകികളായിരുന്നു

4.4. വാസവദത്തയുടെ മാളിക ഒരുൾനാടൻ ഗ്രാമത്തിലാണ് സ്ഥിതി ചെയ്തിരുന്നത്.

4.5. വി. ടി. ഭട്ടതിരിപ്പാട് ബാല്യത്തിൽ ഒരു ഗ്രഹണിക്കാരനായിരുന്നു

4.6. പഠാണികളുടെ ജനകീയ നൃത്തങ്ങൾ കേരളീയ നൃത്തങ്ങളോട് സാദൃശ്യമുള്ളവയാണ്.

4.7. 'മലരൊളി തിരളും മധുചന്ദ്രികയിൽ' മഴനീർത്തുള്ളി ചാലിച്ചാണ് കവി എഴുതാനുഴറിയത്

**5** *ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം ഒരു മാർക്കുവീതം)* *( 5 x 1= 5 )*

| | |
|---|---|
| 5.1. മൈഥിലി | - കണ്ണീരും കിനാവും |
| 5.2 ചെക്കോർദ്ദേ | - ഒരു ജാതി ഒരു മതം |
| 5.3 കുറിഞ്ഞിപ്പൂച്ച | - കച്ചട്ടിസ്വാമിയാരുടെ കഥ |
| 5.4 ചാക്യാന്മാർ | - വളർത്തുമൃഗങ്ങൾ |
| 5.5 ശ്രീനാരായണഗുരു | - സീതാസ്വയംവരം |

5.6 ജാനമ്മ - കേരളത്തിലെ കലകൾ

5.7 നാരദൻ - ഉൾനാട്ടിലെ ഒരുൽസവം

5.8 പരബ്രഹ്മയ്യർ - രാവണൻ പിടിച്ച പുലിവാല്

**6** *ഏതെങ്കിലും 5 എണ്ണത്തിന് പകരം പദം എഴുതുക. ഒരു മാർക്കുവീതം (5 x 1= 5)*

6.1 ഏണം

6.2 ഉരഗം

6.3 ഉപധാനം

6.4 വക്ത്രം

6.5 പണ്ടം

6.6 വാഴ് വ്

6.7 മകുടം

**7** *ചേർത്തെഴുതുക ഏതെങ്കിലും 5 എണ്ണം. ഒരു മാർക്കുവീതം ( 5 x 1= 5 )*

7.1 ക്ഷമ + അറ്റ

7.2 പൊൻ + അശോകം

7.3 ആൾ + കൂട്ടം

7.4 കൈ + തണ്ട്

7.5 കൺ + നീർ

7.6 സർവ്വ + ഉപരി

7.7 മാല + പടക്കം

7.8 നവ + ഉത്ഥാനം

**8** *ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് 20-25 വാക്കുകളിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം (10 x 2 = 20)*

8.1 മാതൃഭാഷയ്ക്ക് മറ്റു ഭാഷകളെ അപേക്ഷിച്ച് എന്തെല്ലാം സവിശേഷതകളാണുള്ളത് ?

8.2 ഇന്ത്യയെ കുറിച്ച് ചിന്തിക്കുമ്പോൾ നെഹ്റുവിന്റെ മനസ്സിൽ തെളിയുന്ന ചിത്രങ്ങൾ എന്തെല്ലാം ?

8.3 ശ്രീരാമൻ വില്ലൊടിച്ചപ്പോൾ ജനം വിസ്മയപ്പെടാൻ കാരണമെന്ത് ?

8.4 മനസ്വിനി എന്ന കവിതയെ അടിസ്ഥാനമാക്കി ചങ്ങമ്പുഴ കവിതകളുടെ രണ്ട് സവിശേഷതകൾ എഴുതുക

8.5 ‘ചൊല്ലാതെ ചൊല്ലുന്നു നിൻപെങ്ങളാണിവൾ’ അവൾ തന്റെ പെങ്ങളാണെന്ന തോന്നൽ കവിക്ക് ഉണ്ടാകുവാൻ കാരണമെന്ത്?

8.6 കുട്ടികളുടെയും മുതിർന്നവരുടെയും സ്വഭാവത്തിൽ സഞ്ജയൻ കാണുന്ന പ്രധാന അന്തരങ്ങൾ എന്തെല്ലാം ?

8.7 ‘അവളുടെ വലത്തേ കയ്യിൽ കുറച്ചു മഞ്ഞൾപൊടി പറ്റി നിന്നിരുന്നു’ – നെയ് പായസം എന്ന കഥയിലെ ഈ സൂചന ഗൃഹനായികയുടെ ജീവിതത്തിന്റെ എന്തൊക്കെ സവിശേഷതകളാണ് വ്യക്തമാക്കുന്നത്?

8.8 വാസവദത്തയുടെ മാളികയുടെ ചിത്രം കവി എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് ?

8.9 ബാലിപ്പെണ്ണിന്റെ മനസ്സിന്റെ പ്രത്യേകത എന്ത്?

8.10 രാവണനെ ബാലിയുടെ വാലിൽ കുടുക്കി മടങ്ങുന്ന നാരദൻ പറഞ്ഞതെന്തെല്ലാം ?

8.11 ഇന്ത്യയുടെ ഏകത്വം പ്രകടമാകുന്ന സന്ദർഭങ്ങൾ ഏതെല്ലാം ?

8.12 അപകടത്തെ ആശ്ലേഷിക്കുന്നതായി ജാനമ്മയ്ക്ക് തോന്നിയിരുന്നത് എപ്പോഴെല്ലാം ?

8.13 ഗോപസ്ത്രീകൾ ആരോടെല്ലാമാണ് ശ്രീകൃഷ്ണനെക്കുറിച്ച് തിരക്കിയത് ?

8.14 വാസവദത്തയുടെ മുഖകാന്തി കവി വർണിച്ചിരിക്കുന്നത് എങ്ങനെയാണ്?

8.15 പെണ്ണ്, പൊന്ന് എന്നിവയ്ക്ക് കുഞ്ഞുണ്ണിമാഷ് നൽകുന്ന നിർവചനം വിശദീകരിക്കുക ?

**9** *ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45 വാക്കുകളിൽ ഉത്തരമെഴുതുക.*
*3 മാർക്ക് വീതം* *( 5 x 3 = 15 )*

9.1 ‘‘ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെ പോലെ
മൈഥിലി മയിൽപേട പോലെ സന്തോഷം പൂണ്ടാൾ’’

ഈ വരികളിലെ അലങ്കാരകല്പനകളുടെ ഭംഗി വിവരിക്കുക

9.2 ‘മനസ്വിനി’ എന്ന കവിതയിൽ ചങ്ങമ്പുഴ പ്രഭാതത്തെ വർണ്ണിച്ചിരിക്കുന്നത് എങ്ങനെ ?

9.3 കച്ചട്ടിസ്വാമിയാരുടെ കഥയിലൂടെ സഞ്ജയൻ നൽകുന്ന സന്ദേശം എന്ത്?

9.4. ‘നെയ് പായസം’ എന്ന കഥയിൽ തന്റെ ഭാര്യയുടെ മരണം കഥാനായകനിൽ ഉണ്ടാക്കിയ ചിന്തകൾ എന്തെല്ലാം ?

9.5. ഗോപസ്ത്രീകളുടെ കൃഷ്ണപ്രേമം ഉന്മാദാവസ്ഥയോളം എത്തിയിരുന്നു എന്ന് കവി സൂചിപ്പിക്കുന്നത് എങ്ങനെ ?

9.6 'ബാലിദ്വീപ് ഭൂപ്രകൃതിയിൽ കേരളത്തോട് സാദൃശ്യം വഹിക്കുന്നു' - വിശദീകരിക്കുക

9.7 അച്ഛന്റെ മർദ്ദനത്തിന്റെ തീവ്രത വി. ടി. ചിത്രീകരിക്കുന്നത് എങ്ങനെ?

9.8 നാരദൻ രാവണനെ വാലിൽ കുടുക്കിയ രീതി വിവരിക്കുക

**10** *താഴെ പറയുന്ന ചോദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക.*
*5 മാർക്ക് വീതം* *( 3 x 5= 15 )*

10.1 എ. 'ബോധനത്തിന് ഏറ്റവും ഉചിതമായ ഭാഷ മാതൃഭാഷയാണ്' സമർഥിക്കുക

*അല്ലെങ്കിൽ*

ബി. കുടുംബങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളും ത്യാഗങ്ങളും 'പെങ്ങൾ' എന്ന കവിതയുടെ പശ്ചാത്തലത്തിൽ വിവരിക്കുക

10.2. എ. ''നമ്മൾ നന്നാകുവാനെന്തു നല്ലൂ
നല്ലോരു ചൂല് മനസ്സിൽ നല്ലൂ''

ഈ വരികളുടെ സമകാലിക പ്രസക്തി വിലയിരുത്തുക

*അല്ലെങ്കിൽ*

ബി. കുടുംബ ജീവിതം ആദർശപൂർണമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

10.3 എ. 'ക്ഷേത്രങ്ങളോടനുബന്ധിച്ചാണ് കേരളത്തിലെ അഭിനയ കലകൾ വളർന്നു വന്നിട്ടുള്ളത് ഈ അഭിപ്രായം പരിശോധിക്കുക

*അല്ലെങ്കിൽ*

ബി. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളുടെ ആനുകാലിക പ്രസക്തിയെപ്പറ്റി ഒരു ഉപന്യാസം തയ്യാറാക്കുക

# സെക്കന്ററി

# മലയാളം ( 232)

1

1.1 C. ചെറുശ്ശേരി

1.2 B. മാളിക വാതിലിനെ

1.3 C. നമ്മെക്കാൾ താണ സ്ഥിതിയിലുള്ളവരോട്

1.4 B. മനസ്സിൽ മാലിന്യങ്ങൾ വന്നു കൂടുമ്പോൾ ശുദ്ധ വൃത്തിയാക്കാൻ

1.5 D. ലജ്ജ

1.6 D. ബോധനശേഷി

1.7 A. കണ്ണീരും കിനാവും

1.8 D. ഉബുദ്

1.9 B. വാഴ്വിന്റെ അറ്റം വരെ ചുമടേറ്റുന്നു

1.10 D. അഴക്

1.11 C. നിഷ്കളങ്കത

1.12 B. മിഴാവ്

1.13 C. മാധവിക്കുട്ടി

1.14 D ശ്രീനാരായണഗുരു

1.15 B. അമ്പലത്തിൽ മണിയടിക്കാൻ അവസരം കിട്ടുമ്പോൾ

1.16 B. തക്ഷശില

1.17 C. വില്ല് മുറിഞ്ഞ ഒച്ച കേട്ടപ്പോൾ

1.18 A. കരുണ

1.19 B. ധാത്രി

1.20 C. മഞ്ജിമ

1.21 D. അയാൾ ആർക്കും ഒരു പൈ പോലും സഹായമായി കൊടുക്കാറില്ല

1.22 C. പാട്ട്

1.23 B. തലേന്നു രാത്രിയിലെ വീഴ്ചയെക്കുറിച്ച് ഓർത്തപ്പോൾ

1.24 A. ശാശ്വതമായ മനുഷ്യത്വം

1.25 A. കൂത്തമ്പലം

1.26 B. ദമ്പതിമാർ പരസ്പരം വിട്ടുവീഴ്ചയ്ക്ക് തയ്യാറാവാതിരിക്കുമ്പോൾ

1.27 B. തെങ്ങും കവുങ്ങും മാവും പ്ലാവും നിറഞ്ഞ പറമ്പുകൾ

1.28 C. നാരദനോട്

1.29 A. ബുദ്ധമതക്കാർ

1.30 C. രണ്ടും കിട്ടാൻ വിഷമമുള്ളതാണ്

2

2.1 സഞ്ജയൻ

2.2 രാമനാട്ടം

2.3 വീട്

2.4 വാസവദത്ത

2.5 മതമീമാംസ/ആത്മോപദേശശതകം

2.6 രാവണൻ

2.7 ലക്ഷ്മി

3

3.1 കണ്ണാടി

3.2 കണ്ണുനീർ

3.3 കുലച്ചു

3.4 ക്ലൗൺ

3.5 സഞ്ജയന്റെ

3.6 ആൽമരം

3.7 കാല്യം

3.8 തമിഴനും

4

4.1 ശരി

4.2 ശരി

4.3 തെറ്റ്

4.4 തെറ്റ്

4.5 ശരി

4.6 തെറ്റ്.

4.7 തെറ്റ്

5

5.1 മൈഥിലി - സീതാസ്വയംവരം

5.2 ചെക്കോർദ്ദേ - ഉൾനാട്ടിലെ ഒരുൽസവം

5.3 കുറിഞ്ഞിപ്പൂച്ച - കണ്ണീരും കിനാവും

5.4 ചാക്യാന്മാർ - കേരളത്തിലെ കലകൾ

5.5 ശ്രീനാരായണഗുരു - ഒരു ജാതി ഒരു മതം

5.6 ജാനമ്മ - വളർത്തുമൃഗങ്ങൾ

5.7 നാരദൻ - രാവണൻ പിടിച്ച പുലിവാല്

5.8 പരബ്രഹ്മയ്യർ - കച്ചട്ടിസ്വാമിയാരുടെ കഥ

6

6.1 മാൻ

6.2 പാമ്പ്

6.3 തലയണ

6.4 മുഖം

6.5 ആഭരണം

6.6 ജീവിതം

6.7 കിരീടം

7

7.1 ക്ഷമയറ്റ

7.2 പൊന്നശോകം

7.3 ആൾക്കൂട്ടം

7.4 കൈത്തണ്ട്

7.5 കണ്ണീർ

7.6 സർവോപരി

7.7 മാലപ്പടക്കം

7.8 നവോത്ഥാനം

8

| ചോദ്യ നമ്പർ | ഉത്തര സൂചകങ്ങൾ | മാർക്ക് |
|---|---|---|
| 8.1 | ബോധനത്തിന് ഏറ്റവും ഉചിതമായ മാധ്യമം മാതൃഭാഷയാണ്.<br>എന്തും ഹൃദയത്തിൽ പതിയണമെങ്കിൽ മാതൃഭാഷയിലൂടെ അറിയണം | 1<br>1 |
| 8.2 | കൊച്ചു കൊച്ചു ഗ്രാമങ്ങളും, വയലുകളും. മഴക്കാലത്തിന്റെ ഇന്ദ്രജാലം, മഞ്ഞിൻ തൊപ്പി അണിഞ്ഞ ഹിമാലയം, കാശ്മീർ മലഞ്ചരിവുകൾ | 2 |
| 8.3 | ഏറെ ഭാരമേറിയ പള്ളിവില്ല് അനേകം രാജാക്കന്മാർ ശ്രമിച്ചിട്ടും അനക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.<br>ബാലനായ ശ്രീരാമൻ നിഷ്പ്രയാസം വില്ലെടുത്ത് കുലയ്ക്കാൻ തുടങ്ങിയപ്പോൾ ഇടിവെട്ടുന്ന ശബ്ദത്തോടെ അത് ഒടിഞ്ഞു | 1<br>1 |
| 8.4 | വർണ്ണനയുടെ സൗന്ദര്യം അലങ്കാര ബിംബ കല്പനകളുടെ ഭംഗി | 2 |
| 8.5 | വല്ലായ്മയാർന്ന നിൽപ്പ്, മൗനം, കണ്ണുനീർ, കയ്യിൽ കെട്ടിയ രാഖി | 2 |
| 8.6 | കുട്ടികൾ നിഷ്കളങ്കരാണ്. ഒന്നും ഒളിച്ചു വയ്ക്കില്ല, ആരെയും ദ്രോഹിക്കില്ല മുതിർന്നവർക്ക് കാപട്യം കൂടും എന്തിനെയും അവർ ദുർവ്യാഖ്യാനം ചെയ്യും | 2 |
| 8.7 | വീട്ടു ജോലികളിൽ മുഴുകി കഴിയുന്ന നഗരത്തിലെ ഒരു വീട്ടമ്മയുടെ ചിത്രം. അവളുടെ സാമ്രാജ്യം അടുക്കളയാണ്. എപ്പോഴും വീട്ടുജോലികളുടെ തിരക്കാണ്, വിശ്രമമില്ല. സൗന്ദര്യത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല | 2 |
| 8.8 | വിശാലമായ രാജവീഥിയുടെ അരികിലാണ് മനോജ്ഞമായ ആ മാളിക. ആകാശ നീലിമയെ ചുംബിക്കുന്നു. വ്യാളി മുഖം വച്ചു തീർത്ത വളഞ്ഞ വാതിൽ ആ വീടിൻറെ ഒരു സവിശേഷതയാണ്. വീടിന്റെ ചുറ്റുമതിൽ അകത്ത് ആൾ ഇരുന്നാൽ കാണാൻ പാകത്തിൽ ഉയരം കുറഞ്ഞതാണ്. | 2 |

| | | |
|---|---|---|
| 8.9 | ഭക്തി ഉള്ളവരാണ്, പരിഷ്കാരികളാണ്, ഉത്സാഹഭരിതരാണ്.<br>ബാലിയിലെ മഴയും ബാലിപെണ്ണിന്റെ മനസ്സും ഒരുപോലെയാണ് | 1<br>1 |
| 8.10 | ആദ്യം വാലിൽ പിടിക്കുക ഒരു കൈകൊണ്ട് പിടിക്കുക നീണ്ടു തടിച്ച 20 കൈകൾ കൊണ്ടും തെരുതെരെ പിടിക്കാൻ പറഞ്ഞു | 2 |
| 8.11 | ഇന്ത്യയിൽ വന്നെത്തിയ ക്രിസ്ത്യാനികളും ജൂതരും മുസ്ലീങ്ങളും ഏതാനും തലമുറയ്ക്കുള്ളിൽ ഇന്ത്യക്കാരായി മാറി പരിവർത്തനം ചെയ്ത ഇന്ത്യക്കാർ മതം മാറിയിട്ടും ഇന്ത്യക്കാർ അല്ലാതായില്ല മറ്റു രാജ്യങ്ങളിൽ ചെന്നാൽ ഇവരെ ഇന്ത്യക്കാരായേ ഗണിക്കുന്നുള്ളൂ | 1<br>1 |
| 8.12 | കമ്പിയിലൂടെ സൈക്കിൾ ഓടിക്കുമ്പോഴും<br>ട്രപ്പീസിൽ പറക്കുമ്പോഴും | 1<br>1 |
| 8.13 | വൃക്ഷങ്ങൾ, വള്ളികൾ, കോകങ്ങൾ, കുയിലുകൾ, മാനുകൾ തുടങ്ങിയവയോടും<br>അത്തിയോടും പിച്ചിയോടും മുല്ലയോടും കൈതയോടും | 1<br>1 |
| 8.14 | ചന്ദ്രനെപ്പോലെ തിളങ്ങുന്ന മുഖമാണ്. അതിന് ശോഭ കൂട്ടും വിധം അളകങ്ങൾക്കു മേലെ കസവ് വസ്ത്രം ചാർത്തിയിട്ടുണ്ട്. അത് ഒരു വശത്തേക്ക് ഒതുക്കുമ്പോൾ നെറ്റിയിലെ കസ്തൂരി പൊട്ടു തെളിയുന്നു. മിന്നുന്ന കല്ലുകൾ പതിച്ച കർണ്ണാഭരണം അണിഞ്ഞിരിക്കുന്നു. വിടരാത്ത മുല്ല കൊണ്ട് കേശം അലങ്കരിച്ചിരിക്കുന്നു | 2 |
| 8.15 | ഭംഗി, ആകർഷകത്വം, മൂല്യം ഇവയിൽ പെണ്ണും പൊന്നും തമ്മിൽ രൂപത്തിലേ വ്യത്യാസമുള്ളൂ.<br>പെണ്ണു മൂലവും കനകം മൂലവും കലഹം ഉണ്ടാകുന്നു | 1<br>1 |

9

| ചോദ്യ നമ്പർ | ഉത്തര സൂചകങ്ങൾ | മാർക്ക് |
|---|---|---|
| 9.1 | രാമൻ വില്ല് ഒടിച്ചപ്പോൾ ഉണ്ടായ ശബ്ദത്തെ ഇടിമുഴക്കത്തോടും അതുകേട്ട രാജാക്കന്മാരുടെ നടുക്കത്തെ ഉരഗങ്ങളുടെ നടുക്കത്തോടും സീതയുടെ ആനന്ദത്തെ മയിലുകളുടെ നൃത്തത്തോടും സാദൃശ്യപ്പെടുത്തുന്നത് ആശയത്തിന് കൂടുതൽ ചമൽക്കാരഭംഗി നൽകുന്നു | 3 |
| 9.2 | മഞ്ഞ തെച്ചിപൂങ്കുല പോലെ മനോഹാരിത വിടരുന്ന പുലരി. അകലെ കാന്തി ചിന്നുന്ന ദേവാലയത്തിന്റെ സ്വർണത്താഴികക്കുടം പൊന്നിൻ കൊടിമര മുകളിൽ പാറുന്ന കൊടി കാനന ദേവതകളുടെ ശബ്ദം പോലെ കാട്ടിൽ കളകള ശബ്ദം മലമുകളിലെ മർമ്മര ശബ്ദം | 3 |
| 9.3 | മറ്റുള്ളവരുടെ പരിഹാസത്തിന്റെ അന്തസത്ത ഉൾക്കൊള്ളുക പരിഹാസത്തെ സമചിത്തതയോടെ വീക്ഷിക്കുക നർമ്മബോധം വളർത്തുക | 3 |
| 9.4 | അവരുടെ വിവാഹ കാലത്തെ ഓർമ്മകൾ കുട്ടികളെ കുറിച്ച് അവർക്കുണ്ടായിരുന്ന പ്രതീക്ഷകൾ താൻ കിടപ്പിലായാൽ ആരാണ് ഇനി കുട്ടികളെ നോക്കുക പലഹാരങ്ങൾ ഉണ്ടാക്കുക അവർക്ക് ദീനം പിടിപെടുമ്പോൾ ശുശ്രൂഷിക്കുക തൻറെ ദുഃഖങ്ങൾ ഇനി ആരോടാണ് പങ്കുവയ്ക്കുക | 3 |
| 9.5 | ഗോപസ്ത്രീകളുടെ കൃഷ്ണ പ്രേമം അവർ കാട്ടിലുള്ള വൃക്ഷലതാദികളോടും ജന്തുക്കളോടും കൃഷ്ണനെ തിരക്കി നടന്നു പ്രതികരിക്കാൻ ശേഷിയില്ലാത്ത വൃക്ഷങ്ങളോടും ലതകളോടും വരെ അതിരുവിട്ട കാര്യങ്ങൾ സംസാരിക്കുന്നു | 3 |
| 9.6 | ബാലിയിലെ തൊടികൾ കണ്ടാൽ അവ കേരളത്തിൽ നിന്ന് അങ്ങനെ തന്നെ അടർത്തി പ്രതിഷ്ഠിച്ചതാണെന്ന് തോന്നും. തെങ്ങും കവുങ്ങും മാവും പ്ലാവും ആ പറമ്പുകളിൽ തലപൊക്കി നിൽക്കുന്നു. പടർന്നു പന്തലിച്ച കടപ്ലാവുകൾ അവിടെയുണ്ട് വെറ്റിലക്കൊടികളും ഉണ്ട് വാഴകളും മാതളങ്ങളും പപ്പായ മരങ്ങളും എല്ലാ പറമ്പുകളിലും സുലഭമാണ് | 3 |

| | | |
|---|---|---|
| 9.7 | അച്ഛന് ദേഷ്യം കയറിയാൽ ഇന്നതേ ചെയ്യൂ എന്നില്ല, അഞ്ചെട്ട് പുളിവാറൽ മുറിയും വരെ പ്രഹരിക്കും. കഴുത്തു മുതൽ കണങ്കാൽ വരെ ചോരകക്കി തടിച്ചു വീർത്ത നിരവധി വടിപ്പാടുകൾ വെളിപ്പാടുകളുടെ തേവാരക്കെട്ടിൽ നിന്ന് പിളുത്തികരഞ്ഞുകൊണ്ട് വാടിത്തളർന്ന് വരുന്നത്ര ഭയങ്കരമായിരുന്നു അച്ഛന്റെ മർദ്ദന സ്വഭാവം | 3 |
| 9.8 | കുരങ്ങിന് ശക്തി വാലിലാണെന്ന് നാരദൻ പറഞ്ഞു. ബാലിയുടെ വാലിൽ രാവണനെക്കൊണ്ട് പിടിപ്പിച്ചു. ഒരു കൈകൊണ്ടും രണ്ട് കൈ കൊണ്ടും ഇരുപതു കൈകൊണ്ടും മാറിമാറി പിടിച്ചു. രാവണന്റെ കൈകൾ മാത്രമല്ല ശരീരം മുഴുവൻ ബാലി വാലുകൊണ്ട് വരിഞ്ഞു മുറുക്കി | 3 |

10

| | | |
|---|---|---|
| 10.1 | എ. | |
| | മാതൃഭാഷ ജന്മസിദ്ധമാണ്, പെറ്റമ്മയ്ക്ക് തുല്യമാണ്. ഏതൊരു കാര്യവും നന്നായി മനസ്സിൽ പതിയണമെങ്കിൽ മാതൃഭാഷയിൽ അഭ്യസിക്കണം. പ്രയാസമേറിയ വേദങ്ങളും ഇതിഹാസ പുരാണങ്ങളും ഉപനിഷത്തുകളും നമുക്ക് മനസ്സിലാക്കിത്തന്ന മാതൃഭാഷ എന്തും നമ്മെ പഠിപ്പിക്കാൻ ശക്തയാണ്. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം നമുക്ക് ദേശസ്നേഹവും സ്വാതന്ത്ര്യബോധവും സാംസ്കാരിക അവബോധവും പകർന്നു തരും | 5 |
| 10.1 | ബി. | |
| | കുടുംബങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന തീവ്ര ദുരിതങ്ങൾ മറ്റുള്ളവർ ചെയ്യുന്ന തെറ്റിനു പോലും പഴിക്കപ്പെടുന്നവർ സ്ത്രീധനത്തെ ചൊല്ലിയുള്ള കലഹം ഭർതൃഗൃഹങ്ങളിലെ കഠിനാധ്വാനം ക്ലേശങ്ങൾ അവഗണന സ്വന്തം ഇഷ്ടങ്ങളും താല്പര്യങ്ങളും മറ്റുള്ളവർക്കായി ഹോമിക്കുന്ന പാരതന്ത്ര്യം, രക്ഷിക്കേണ്ടവരിൽ നിന്നു പോലും രക്ഷ തേടേണ്ട അവസ്ഥ | 5 |

| | | |
|---|---|---|
| 10.2 | എ. | |
| | മനസ്സ് എപ്പോഴും ശുദ്ധമായിരിക്കണം. മനസ്സിലാണ് ആദ്യം തെറ്റുകൾ രൂപപ്പെടുക. അത് അപ്പോൾ തന്നെ തുടച്ചുനീക്കാൻ കഴിയണം. വ്യക്തികൾ നന്നായാൽ സമൂഹം നന്നാകും, സമൂഹം നന്നായാൽ നാട് നന്നാകും. സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്താൻ ആവാത്തവന് മറ്റുള്ളവരെ തിരുത്താൻ അവകാശമില്ല | 5 |
| 10.2 | ബി. | |
| | വീട് മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട അഭയകേന്ദ്രമാണ് ഭാര്യയും ഭർത്താവും മക്കളും രഞ്ജിപ്പോടെ കഴിയുന്ന കുടുംബത്തിലേ സൗഖ്യം ഉണ്ടാവുകയുള്ളൂ ഭാര്യാഭർത്താക്കന്മാർ വിട്ടുവീഴ്ചയോടെയും നിസ്വാർത്ഥമായും സ്നേഹപൂർണ്ണമായ ജീവിതം നയിക്കുന്നിടത്തേ കുടുംബത്തിലെ സമാധാനം ഉണ്ടാവുകയുള്ളൂ. അവർ കുട്ടികൾക്ക് മാതൃകയാകണം മാതാപിതാക്കന്മാർ തമ്മിലുള്ള പൊരുത്തക്കേടുകൾ കുഞ്ഞുങ്ങൾ അറിയാൻ ഇടവരരുത്. കുട്ടികളിൽ സൽസ്വഭാവത്തിന്റെ വിത്തുകൾ കുഞ്ഞുനാളിലേ നട്ടുവളർത്തണം | 5 |
| 10.3 | എ. | |
| | കൊട്ട്, പാട്ട്, ആട്ടം, കൂത്ത്, തുള്ളൽ, കളി വിളക്ക്, പാന എന്നിവയാണ് കേരളത്തിലെ പ്രധാന കലകൾ, എല്ലാത്തരം വാദ്യങ്ങൾക്കും പൊതുവായുള്ള പേരാണ് കൊട്ട്. ചെണ്ട, ഇടയ്ക്ക മദ്ദളം, തിമില, ഇലത്താളം, ചേങ്ങില, കൊമ്പ്, കുഴൽ, ശംഖ് ഇവയെല്ലാം ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്നു. അയ്യപ്പൻ പാട്ട്, ഭദ്രകാളി പാട്ട്, വേട്ടയ്ക്കൊരു മകൻ പാട്ട്, എന്നിവ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണ് വളർന്നുവന്നത്. കൂത്തമ്പലങ്ങളിൽ മാത്രമേ ഇവ നടത്താറുള്ളൂ. ആട്ട വർഗ്ഗത്തിൽപ്പെട്ട കൂടിയാട്ടം, രാമനാട്ടം, അഷ്ടപദിയാട്ടം എന്നിവ ക്ഷേത്ര സന്നിധിയിലാണ് നടത്തുന്നത്. തുള്ളൽ ക്ഷേത്ര പറമ്പിൽ തന്നെയാണ് ജന്മമെടുത്തത് | 5 |
| 10.3 | ബി. | 5 |
| | കേരളത്തിന്റെ നവോത്ഥാനം<br>സാമൂഹ്യ തിന്മകൾക്കെതിരെ പടപൊരുതി<br>വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും പുലർത്തേണ്ട നന്മകൾ ഉദ് ബോധിപ്പിച്ചു<br>ജാതിമതഭേദ ചിന്തയുടെ അർത്ഥശൂന്യത ബോധ്യപ്പെടുത്തി<br>വിദ്യാഭ്യാസത്തിനും സാമൂഹിക കൂട്ടായ്മയ്ക്കും വേണ്ടി ഉദ് ബോധിപ്പിച്ചു<br>സർവ്വമത സമ്മേളനം | |